പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കോഴിക്കോട് ജില്ലയിലെ കളിമാട് പാലത്തിനുവേണ്ടി കോഴിക്കോട് ഭാഗത്തുള്ള സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഇതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയായിട്ടുണ്ട്. കളിമാട് പാലത്തിന്റെ മലപ്പുറം ഭാഗത്തുള്ള സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പാലം പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

7. സി.എച്ച്.സി.ക്ക് ആവശ്യമായ തസ്തികകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, 1988-ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയ കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതുപോലെതന്നെയാണ്. അവിടെ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ സ്പെഷ്യലൈസേഷൻ വന്നതിനുശേഷം അതിനും കഴിയുന്നില്ല. അവിടെ ജനകീയ സമരം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഹൈക്കോടതിയിൽ കേസും കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. സി.എച്ച്.സി.-ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. സമരമുണ്ടായതിനുശേഷം അധികമായി രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയോഗിച്ചതിന്റെ ഫലമായി ഇപ്പോൾ 24 മണിക്കൂറും ആശുപത്രി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ അത് സ്ഥായിയായിട്ടുള്ളതല്ല എന്നതാണ് അവിടത്തെ സമരക്കാരുടെ നിലപാട്. അതുകൊണ്ട് അടിയന്തരമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കുമ്പളങ്ങി ആശുപത്രി തുടർന്നും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വേണം. ഇപ്പോൾ ഡോക്ടർമാർ 7 പേരുണ്ടെങ്കിലും നഴ്സ്മാരോ മറ്റ് തസ്തികകളോയില്ല. അതുകൊണ്ട് റീ-ഡിപ്ലോയ്മെന്റ് നടത്തിയെങ്കിലും ഇത് തുടർന്നുകൊണ്ടു പോകണം. എന്നുമാത്രമല്ല, ഈ ആശുപത്രി സി.എച്ച്.സി.യായി ഉയർത്തിയിട്ട് വളരെക്കാലമായിട്ടും അതിനനുസൃതമായി തസ്തികകൾ സൃഷ്ടിക്കാത്തത് ശരിയല്ല. അതുകൊണ്ട് സി.എച്ച്.സി.-ക്ക് ആവശ്യമായ പെർമനന്റ് തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സി.എച്ച്.സി.യായി ഉയർത്തിയ കുമ്പളങ്ങി ആരോഗ്യകേന്ദ്രത്തിൽ സി.എച്ച്.സി. നിലവാരത്തിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടില്ലായെന്നുള്ളത് ശരിയാണ്. ഇവിടെ ശരാശരി ഒ.പി. 300-ഉം, ഐ.പി. 5-ൽ താഴെയുമാണ്. ഇവിടെ 30 കിടക്കകൾ അനുവദിച്ചിട്ടുണ്ട്. 4 ഡോക്ടർമാരുൾപ്പെടെ 34 തസ്തികകൾ നിലവിലുണ്ട്. കൂടാതെ, സമരങ്ങളും മറ്റ് പരിപാടികളും ആരംഭിച്ചതിനുശേഷം എൻ.എച്ച്.എം. മുഖേന 3 ഡോക്ടർമാരുടെ അധിക തസ്തികകൾ അനുവദിക്കുകയും ആ ഡോക്ടർമാർ ചുമതലയേറ്റെടുക്കുകയും അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ കണ്ടകടവ് പി.എച്ച്.സി., പള്ളുരുത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് ആശുപത്രി എന്നിവയുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗത്തോടു കൂടിയുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ കുമ്പളങ്ങി സി.എച്ച്.സി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ 2-3-2015-ൽ ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൂടാതെതന്നെ നിലവിൽ ഐ.പി. സംവിധാനമില്ലാത്ത പി.എച്ച്.സി.കളിൽനിന്നും ആവശ്യംവേണ്ട തസ്തികകൾ കുമ്പളങ്ങി സി.എച്ച്.സി.യിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യങ്ങൾ നടപ്പിലാക്കിവരുന്ന ഒരു പശ്ചാത്തലത്തിൽ അവിടെ തുടർന്നുവരുന്ന സമരം പിൻവലിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കണമെന്ന് ഞാൻ എം.എൽ.എ.യോട് ആവശ്യപ്പെടുകയാണ്. ഇക്കാര്യങ്ങളെല്ലാം തീർച്ചയായും പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

8. ആയുർവേദാശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗം

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഞാൻ നേരത്തെ ഒരു തവണ ഈ സഭയുമ്പാകെ കൊണ്ടുവന്ന ഒരു വിഷയം വീണ്ടുമൊരിക്കൽകൂടി അവതരിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താലയെക്കുറിച്ച് താങ്കൾക്ക് നേരിട്ടറിയാം, ആയുർവേദ ചികിത്സാ രംഗത്ത് എത്രയോ നൂറ്റാണ്ടുകളുടെ പ്രശസ്തമായ പാരമ്പര്യമുള്ള ഒരു പ്രദേശമാണത്. നിരവധി പ്രമുഖമായിട്ടുള്ള സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ കിടത്തി ചികിത്സയുള്ള ഒരു ആയുർവേദ സ്ഥാപനം എന്റെ നിയോജകമണ്ഡലത്തിൽ ഇതുവരെയില്ല. കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദാശുപത്രി ഇപ്പോൾ ഡിസ്പെൻസറിയായി പ്രവർത്തിച്ചുവരികയാണ്. അവിടെ അനുബന്ധ കെട്ടിടങ്ങളടക്കമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ബഹുമാന്യനായ മന്ത്രിതന്നെ അവിടെ മുന്നു വ്യത്യസ്ത പൊതുപരിപാടികളിൽ വന്നയവസരത്തിൽ ഈ വിഷയം സൂചിപ്പിച്ചപ്പോൾ അത് തീർച്ചയായും അനുവദിക്കാമെന്ന താങ്കളുടെ ഉറപ്പ് പൊതുസമൂഹത്തിന് മുമ്പിലുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് കൊഴിക്കര ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐ.എസ്.എം. ഡയറക്ടർ ഓഫീസിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഫയൽ താങ്കളുടെ പരിഗണനയിലുണ്ട്. എത്രയും പെട്ടെന്ന് ആ ഫയലിൽ അനുകൂല തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ, സൗജന്യമായി ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഈ ആശുപത്രി വലിയ വികസന സാധ്യതകൾ തേടുകയാണ്. ഇതിന്റെ ഭാഗമായി 24x7 എന്ന രീതിയിൽ ഈ ആശുപത്രിയെ പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിക്കണമെന്നു കൂടി ഞാൻ താങ്കളോട് അഭ്യർത്ഥിക്കുകയാണ്. എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളും